LIBRARY ARCHIVES Kerala Legislative Assembly

സിയാൽ അക്കാദമിയുടെ ആസ്ഥാനം

28 (*478) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. കെ. ബാബു :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. എ. എ. ഷുക്കൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സിയാൽ (CIAL) അക്കാദമിക്ക് സ്വന്തമായി ആസ്ഥാനം പണിയുന്നതിന് ആവശ്യമായ സ്ഥലം ലഭ്യമാക്കിയിട്ടുണ്ടോ ;

(ബി) ഇതിനായി എത്ര സ്ഥലമാണ് ഇതുവരെ അക്കാദമിക്ക് നൽകിയത് ;

(സി) സിയാൽ അക്കാദമിയുടെ കീഴിൽ പ്രവർത്തിക്കുന്ന എയർക്രാഫ്റ്റ് മെയ്ന്റനൻസ് എഞ്ചിനീയറിംഗ് ഇൻസ്റ്റിറ്റ്യൂട്ടിൽ എന്തൊക്കെ കോഴ്സുകൾ പഠിപ്പിക്കാനാണ് സൗകര്യമൊരുക്കുന്നത് ;

(ഡി) ഇവിടത്തെ പുതിയ കോഴ്സുകൾ എന്നത്തേക്ക് ആരംഭിക്കുമെന്നും ആദ്യവർഷം എത്ര വിദ്യാർത്ഥികൾക്ക് ഈ കോഴ്സുകളിൽ പ്രവേശനം നൽകാൻ കഴിയും എന്നും വ്യക്തമാക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) :

(എ & ബി) സിയാൽ അക്കാദമിക്കായി അത്താണിയിൽ KAMCO-യ്ക്ക് സമീപം അഞ്ച് ഏക്കർ ഭൂമി കേരള സർക്കാർ അനുവദിച്ചിട്ടുണ്ട്.

(സി) തുടക്കത്തിൽ സിയാൽ എയർക്രാഫ്റ്റ് മെയിന്റനൻസ് എഞ്ചിനീയറിംഗ് ഇൻസ്റ്റിറ്റ്യൂട്ടിൽ ഏവിയോണിക് സ്ട്രീമിലെ കോഴ്സാണ് നടത്തുവാനുദ്ദേശിക്കുന്നത്.

(ഡി) ഏവിയോണിക് സ്ട്രീമിലെ കോഴ്സ് ആരംഭിക്കുന്നതിന് സിവിൽ ഏവിയേഷൻ ഡയറക്ടർ ജനറലിന്റെ അംഗീകാരം ലഭിക്കണം. ഈ അംഗീകാരം ഇക്കൊല്ലംതന്നെ നേടാൻ സാധിക്കുമെന്നും, ഇൻസ്റ്റിറ്റ്യൂട്ടിൽ ഇക്കൊല്ലം തന്നെ ഏവിയോണിക് സ്ട്രീം തുടങ്ങുവാൻ സാധിക്കുമെന്നും പ്രതീക്ഷിക്കുന്നു. ഒരു ബാച്ചിൽ 60 വിദ്യാർത്ഥികളെയാണ് ഉൾപ്പെടുത്തുന്നത്.

ദേശീയ ജലപാത വികസനം

29 (*479) ശ്രീ. എം. മുരളി :
ശ്രീ. ടി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ ജലപാതാ വികസനത്തിന്റെ ഭാഗമായി സംസ്ഥാനത്ത് കേന്ദ്ര സഹായത്തോടെ ഏതൊക്കെ ബോട്ട് ടെർമിനലുകൾ നിർമ്മിക്കാനാണ് പദ്ധതിയിട്ടിരിക്കുന്നത് ;